പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1531 **01-07-2026-ൽ മറുപടിയ്ക്ക്**

ദേവസ്വം വകുപ്പിനുകീഴിലുള്ള വസ്തുവകകൾ വീണ്ടെടുക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ദേവസ്വം വകുപ്പിന് കീഴിലുള്ള നഷ്ടപ്പെട്ട വസ്തുവകകളും മറ്റ് സമ്പത്തുകളും ബന്ധപ്പെട്ട ദേവസ്വങ്ങൾക്ക് തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ വരുന്ന ക്ഷേത്രങ്ങളുടെ നഷ്ടപ്പെട്ട വസ്തുവകകൾ വീണ്ടെടുക്കുന്നതിനും കയ്യേറ്റങ്ങൾ കണ്ടെത്തി ആയത് കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഒഴിപ്പിച്ച് ദേവസ്വത്തിനോട് കൂട്ടിച്ചേർക്കുന്നതിനും ദേവസ്വം ബോർഡ് ആസ്ഥാനത്ത് ഭൂസംരക്ഷണ വിഭാഗം എന്ന പ്രത്യേക യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ, ക്ഷേത്രസ്വത്തുക്കൾ പരിപാലിക്കുന്നതിനും സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും വിജിലൻസ് വിഭാഗം, ഫൈനാൻസ് & ഇൻസ്പെക്ടർ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രഭൂമികളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ബോർഡിന് വേണ്ടി സർക്കാർ നിയോഗിച്ച എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അധികാരമുള്ള ഒരു സ്പെഷ്യൽ തഹസിൽദാർ വിഭാഗം ഭൂമി അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ സ്വത്തുക്കൾക്ക് ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) നിയമത്തിലെ 94 (എ) വകുപ്പ് പ്രകാരം ലാന്റ് കൺസർവൻസി ആക്ട് ബാധകമാണ്. ക്ഷേത്രഭൂമികളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ലാന്റ് കൺസർവൻസി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ക്ഷേത്രഭരണാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ക്ഷേത്രഭൂമികളിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി 2007 -ൽ സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടത്തിയതിൽ 24693 ഏക്കറോളം ക്ഷേത്രഭൂമി കയ്യേറ്റം നടന്നതായി കണ്ടെത്തിയിരുന്നു. ക്ഷേത്രഭൂമി അനധികൃതമായി കയ്യേറ്റം നടത്തി നിലവിൽ പട്ടയം അനുവദിക്കുന്നതിനായി വിവിധ ലാന്റ് ട്രിബ്യൂണലുകൾ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ, ക്ഷേത്രഭരണാധികാരികൾ ഏകപക്ഷീയമായി എതിർപ്പില്ലാ രേഖ സമർപ്പിക്കാൻ പാടില്ലായെന്നും മലബാർ ദേവസ്വം

ബോർഡിന്റെ അനുമതി ഇക്കാര്യത്തിൽ വേണ്ടതാണെന്നും വ്യക്തമാക്കി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മലപ്പുറം ജില്ല, പന്തല്ലൂർ വില്ലേജിലെ ശ്രീ പന്തല്ലൂർ ദേവസ്വത്തിന് കീഴിൽ വരുന്നതും ബാലന്നൂർ പ്ലാന്റേഷൻസ് അനധികൃതമായി കൈവശം വച്ച് വന്നിരുന്നതുമായ റീസർവ്വേ നം.246/01 - ൽ പെട്ട 115.8900 ഹെക്കർ ഭൂമി, 246/02 ൽ പെട്ട 15.5130 ഹെക്കർ (324 ഏക്കർ) ഭൂമി ബഹു. ഹൈക്കോടതിയുടെ WP(C) 9391/2008 വിധി പ്രകാരം 07.08.2018 ന് ദേവസ്വം ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പാലക്കാട് കല്ലേക്കുളങ്ങര ശ്രീ ഏമൂർ ഭഗവതി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ വരുന്നതും പാട്ട കാലാവധി 1997 ൽ പൂർത്തിയായിട്ടും അനധികൃതമായി കൈവശം വച്ചുവരുന്നതുമായ 694.32 ഏക്കർ വരുന്ന എലാക്ക എസ്റ്റേറ്റ് ഭൂമി ബഹു. ഹൈക്കോടതിയുടെ RSA 515/2012 and connected case മായി ബന്ധപ്പെട്ട് 10.01.2026 ലെ വിധിയുടെ പശ്ചാത്തലത്തിൽ നിയമാനുസൃതം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ എല്ലാം ദേവസ്വത്തിന്റെ വസ്തുരേഖാ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദേവസ്വത്തിന്റെ വസ്തുക്കളിൽ അന്യ കൈയ്യേറ്റങ്ങളോ മറ്റോ കണ്ടെത്തിയാൽ ഉടൻ തന്നെ ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

കൂടൽമാണിക്യം ദേവസ്വത്തിന് കീഴിലുള്ള നഷ്ടപ്പെട്ട വസ്തുവകകൾ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത വകുപ്പിലേയും ദേവസ്വങ്ങളിലേയും അഴിമതികൾ തുടച്ചുനീക്കാൻ സത്വര ഫലം കിട്ടുന്ന വിധത്തിൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>മറുപടി:</u> തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസ് മുഖാന്തിരം ആഡിറ്റ് നടത്തുന്നുണ്ട്. കൂടാതെ, സമ്പൂർണ്ണ ഡിജിറ്റൈസേഷൻ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിൽ DYSP റാങ്കിലുള്ള റിട്ടയേർഡ് ജീവനക്കാരനെ ചീഫ് വിജിലൻസ് ഓഫീസറായും 12 വിജിലൻസ് അസിസ്റ്റന്റ് (പോലീസ് ഉദ്യോഗസ്ഥൻ) ഉദ്യോഗസ്ഥരേയും നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗം പരിശോധിച്ച് സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ സൂക്ഷിച്ചുവരുന്ന സ്വർണ്ണം, വെള്ളി, അമൂല്യവസ്തുക്കൾ എന്നിവയുടെ വെരിഫിക്കേഷൻ, സീനിയർ സൂപ്രണ്ട് റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഗോൾഡ്സ്മിത്തിന്റെ സഹായത്തോടെ നിർവ്വഹിച്ചുവരുന്നു. എക്സിക്യൂട്ടീവ് ഓഫീസർമാർ ക്ഷേത്രങ്ങളുടെ ചാർജ് കൈമാറ്റം നടത്തുമ്പോൾ സ്വർണ്ണം, വെള്ളി, അമൂല്യവസ്തുക്കൾ എന്നിവയുടെ ചാർജ് കൈമാറ്റം കൂടി നടത്തുന്നതിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ക്ഷേത്രപരിശോധന നടത്തുന്നതിന് അസിസ്റ്റന്റ് കമ്മീഷണർമാർക്കും ഡിവിഷൻ ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ഷേത്രഭരണ സംബന്ധമായ പരാതികൾ പരിശോധിക്കുന്നതിന് ഇന്റേണൽ വിജിലൻസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൽ നിലവിൽ അഴിമതി സംബന്ധിച്ച കേസുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

കൂടൽമാണിക്യം ദേവസ്വത്തിൽ ക്ഷേത്രവും ഓഫീസും പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ